# സാമ്പിൾസർവേ സമഗ്രസർവേക്ക് പകരമാവരുത്

മുന്നാക്കവിഭാഗങ്ങൾക്കായുള്ള സാമ്പിൾ സർവേ നിർത്തിവെക്കണമെന്ന് എൻ.എസ്.എസ്. ആവശ്യപ്പെട്ടിരുന്നു. ഇതു സംബന്ധിച്ച് എൻ.എസ്.എസ്. ഉന്നയിച്ചിട്ടുള്ള ആക്ഷേപങ്ങൾ ശരിയാണെന്ന് കമ്മീഷൻ മറുപടി നല്കിയിട്ടുള്ളതുമാണ്. എൻ.എസ്.എസ്. ആവശ്യപ്പെട്ട പ്രകാരം വിശദവും ശാസ്ത്രീയവുമായ സർവേ നടത്തണമെന്ന ജസ്റ്റീസ് എ.വി. രാമകൃഷ്ണപിള്ളക്കമ്മീഷൻ റിപ്പോർട്ടിലെ ആവശ്യം സർക്കാരിന്റെ പരിഗണനയിൽ ആണെന്നും അതിനെ സംബന്ധിച്ച് നാളിതുവരെ സർക്കാർ തീരുമാനം എടുത്തിട്ടില്ല എന്നും അതിനാൽ കമ്മീഷൻ ചെയർമാന്റെയും അംഗങ്ങളുടെയും കാലാവധി അവസാനിക്കും മുമ്പ് ഏറ്റവും കൂടുതൽ പിന്നാക്കാവസ്ഥയുള്ള ഏതാനും ആളുകൾക്കെങ്കിലും സഹായങ്ങൾ ലഭിക്കണമെന്നുമുള്ള ഉദ്ദേശ്യത്താലാണ് സാമ്പിൾ സർവേ നടത്താൻ തീരുമാനിച്ചതെന്നും ആണ് കമ്മീഷൻ പറഞ്ഞിരുന്നത്.

മുന്നാക്കക്ഷേമത്തിനായുള്ള കമ്മീഷൻ ഒരു സ്ഥിരംകമ്മീഷനാണ്. അതിനാൽ ഇപ്പോഴുള്ള കമ്മീഷൻ അംഗങ്ങളുടെ കാലാവധി അവസാനിക്കും മുമ്പ് ഫലപ്രാപ്തി ലഭിക്കത്തക്ക നിലയിൽ എന്തെങ്കിലും കാര്യങ്ങൾ ചെയ്തുതീർക്കണമെന്ന കമ്മീഷന്റെ നിലപാട് ന്യായീകരണമില്ലാത്തതും മുന്നാക്കസമുദായങ്ങളുടെ പൊതുവെയുള്ള താൽപര്യങ്ങൾക്ക് വിരുദ്ധവുമാണ്. അതിനാൽ സാമ്പിൾ സർവേയിൽനിന്നും പിന്മാറണമെന്ന ഉറച്ച നിലപാടാണ് എൻ.എസ്.എസ്. സ്വീകരിച്ചത്. എന്നിട്ടും നടപടികളുമായി കമ്മീഷൻ മുന്നോട്ടു പോയ സാഹചര്യത്തിൽ സർവേ നിർത്തിവയ്ക്കണമെന്ന ആവശ്യവുമായി എൻ.എസ്.എസ്. ഹൈക്കോടതിയെ സമീപിച്ചു.

സാമ്പിൾ സർവേ സംബന്ധിച്ച് എൻ.എസ്.എസ്. ഉയർത്തിയ രണ്ട് വാദമുഖങ്ങളും ഹൈക്കോടതി അംഗീകരിച്ചു. ഭരണഘടന വിഭാവനം ചെയ്യുന്ന മുന്നാക്കത്തിലെ പിന്നാക്കവിഭാഗത്തിന് നല്കുന്ന സംവരണത്തെ പ്രസ്തുത സാമ്പിൾ സർവേ ബാധിക്കരുതെന്നും, ജസ്റ്റീസ് രാമകൃഷ്ണപിള്ളക്കമ്മീഷൻ പറഞ്ഞിരിക്കുന്നതുപോലെ ആകെ ജനസംഖ്യയുടെ സമഗ്ര സാമൂഹിക-സാമ്പത്തിക-സാമുദായികസർവേയ്ക്കോ ഓരോ സമുദായത്തിന്റെയും കണക്കെടുപ്പിനോ പകരം ആയിരിക്കരുത് ഈ സാമ്പിൾ സർവേ എന്നും കോടതി നിർദ്ദേശിച്ചു. സമഗ്രസർവേ സംബന്ധിച്ച് സർക്കാർതീരുമാനം അറിയിക്കണമെന്ന് കോടതി ആവശ്യപ്പെടുകയും ചെയ്തിരുന്നു. ഉന്നതതലത്തിൽ തീരുമാനം ആവശ്യമായതിനാൽ അതിന് കൂടുതൽ സമയം വേണമെന്ന നിലപാടാണ് സർക്കാർ കോടതിയിൽ സ്വീകരിച്ചിരിക്കുന്നത്.

അങ്ങനെയിരിക്കെയാണ് കോടതിയുടെ തീരുമാനം അറിയുന്നതിനു മുമ്പുതന്നെ സാമ്പിൾസർവേ പൂർത്തിയാക്കി, തയ്യാറാക്കിയ റിപ്പോർട്ട് കമ്മീഷൻ സർക്കാരിന് സമർപ്പിച്ചിരിക്കുന്നത്. ഈ റിപ്പോർട്ടിന്മേൽ വിശദമായ ചർച്ച വേണമെന്ന് സർക്കാർ തീരുമാനിച്ചിരിക്കുകയുമാണ്.

ഈ സന്ദർഭത്തിൽ ഒരു കാര്യം വ്യക്തമാക്കട്ടെ. മുന്നാക്കവിഭാഗങ്ങൾക്ക് ഭരണഘടന നല്കുന്ന സംവരണത്തിന്റെ മാനദണ്ഡം നിശ്ചയിക്കാൻ വേണ്ടിയാണ് മുൻകമ്മീഷൻ സമഗ്രസർവേയ്ക്ക് ശിപാർശ നല്കിയത്. സംവരണസമുദായങ്ങൾക്ക് സർക്കാർസർവീസിലുള്ള പ്രാതിനിധ്യവും സമഗ്രസർവേയുടെ ഭാഗമായി വരുന്നതാണ്. സ്വാതന്ത്ര്യാനന്തരഭാരതത്തിൽ ഓരോ വിഭാഗവും എവിടെ നില്ക്കുന്നു എന്നത് നിശ്ചയിക്കാനും മുന്നാക്കവിഭാഗങ്ങൾക്കുള്ള ഭരണഘടനാസംവരണം, അതിന്റെ പൂർണ്ണ അർത്ഥത്തിൽ ലഭ്യമാക്കുവാനും സമഗ്രസർവേകൊണ്ടേ സാധിക്കുകയുള്ളൂ. ഇക്കാര്യത്തിലുള്ള പ്രാധാന്യവും ഭരണഘടന നല്കുന്ന അവകാശങ്ങളും മുൻനിർത്തിയാണ് എൻ.എസ്.എസ്. സാമ്പിൾസർവേയെ എതിർക്കുന്നത്.

എന്നാൽ, സാമ്പിൾ സർവേറിപ്പോർട്ടിലെ ശിപാർശകൾ സംബന്ധിച്ച് എൻ.എസ്.എസ്സിന് യാതൊരു എതിർപ്പുമില്ല. കമ്മീഷൻ നല്കിയിട്ടുള്ള ശിപാർശകളും നിർദ്ദേശങ്ങളും നടപ്പിലാക്കണമെന്നുള്ള അഭിപ്രായമാണ് എൻ.എസ്.എസ്സിനുള്ളത്.

അതേസമയംതന്നെ, മുന്നാക്കസംവരണത്തിന് അടിസ്ഥാനമാവേണ്ട സമഗ്രവും ശാസ്ത്രീയവുമായ സർവേക്ക് സാമ്പിൾ സർവേ ഒരിക്കലും പകരമാവില്ല. മാത്രമല്ല, അത് മുന്നാക്കസംവരണത്തിന് തിരിച്ചടി ആവാനുള്ള സാധ്യത തള്ളിക്കളയാനുമാവില്ല.

എൻ.എസ്.എസ്. ഉയർത്തിയ വാദമുഖങ്ങൾ, അതിന്റെ നിയമപരവും വസ്തുതാപരവുമായ ശരിയെ മുൻനിർത്തി ഹൈക്കോടതി അംഗീകരിക്കുകയും, സമഗ്രസർവേ നടത്താൻ സർക്കാരിന് നിർദ്ദേശം നല്കുകയുമാണ് ചെയ്തിട്ടുള്ളത്. സാമ്പിൾ സർവേയുടെ അടിസ്ഥാനത്തിൽ സംസ്ഥാനസർക്കാർ തീരുമാനം എടുക്കുന്നപക്ഷം ഇക്കാര്യംകൂടി പരിഗണിക്കേണ്ടതാണ്.